പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

51/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | | .. v |
| ആമുഖം | | .. vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. 1 |
| അദ്ധ്യായം II | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. 1 |
| അദ്ധ്യായം III | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും | .. 18 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 14-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 16.

# റിപ്പോർട്ട്

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന രണ്ടാമത്തെ ജില്ലയായ ഇടുക്കിയിലെ പീരുമേട് താലൂക്കിലുള്ള ഉപ്പുതറ പഞ്ചായത്തിലെ മുല്ല, കണ്ണമ്പടി, മേമാരി എന്നീ പട്ടികവർഗ്ഗ കോളനികളിൽ സന്ദർശനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-2014) തയ്യാറാക്കിയ മൂന്നാമത് റിപ്പോർട്ട് 2013 മാർച്ച് 21-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ടു. സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ, മേൽപ്പറഞ്ഞ കോളനികളുടെ സമഗ്രമായ വികസനത്തിന് ഉതകുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട 14 ശിപാർശകളാണ് പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പുകൾ 5-4-2013-ൽ സർക്കാരിലേക്ക് അയച്ചുകൊടുത്ത്, റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, വനം-വന്യജീവി, ജലവിഭവം, ഊർജ്ജം, ഭക്ഷ്യ പൊതുവിതരണം, പൊതുവിദ്യാഭ്യാസം, ആഭ്യന്തരം, നികുതി, ആരോഗ്യ കുടുംബക്ഷേമം, കൃഷി എന്നീ വകുപ്പുകളിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം പ്രസ്തുത സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ സമിതിയുടെ 13-8-2014, 21-1-2015, 25-2-2015, 12-8-2015, 15-9-2015, 7-10-2015, 25-11-2015 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു. ശിപാർശയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം, ആയത് യഥാസമയം ലഭ്യമാക്കാത്ത സാഹചര്യത്തിൽ സമിതി നടത്തുന്ന തുടർ ശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം അദ്ധ്യായം III-ലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി (2011-2014)-യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും സംബന്ധിച്ച വിശദാംശങ്ങൾ

(ബ്രായ്ക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 17)

കോളനികളിലേക്കുള്ള പ്രധാന റോഡിന്റെ കിഴകാനം മുതൽ മുല്ലവരെയും കിഴകാനം മുതൽ കണ്ണമ്പടി വഴി മേമാരി വരെയുമുള്ള റോഡിന്റെ അറ്റകുറ്റപ്പണി യഥാസമയം നടത്തി സഞ്ചാരയോഗ്യമാക്കണമെന്നും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ടി റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(17-1-2014-ലെ 4575/സി3/2013/വനം, 21-6-2014-ലെ 6127 ഡി1/2013/വനം
എന്നീ നമ്പർ കത്തുകൾ പ്രകാരം ലഭിച്ചത്)

2012-13 വർഷത്തെ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് കിഴകാനം മുതൽ കണ്ണമ്പടി വഴി മേമാരിവരെയുള്ള റോഡിലെ മുല്ലുള്ള് ഭാഗം, പുന്നവളവ് ഭാഗം, വലിയവളവ് ഭാഗം എന്നീ സ്ഥലങ്ങളിൽ റോഡ് കോൺക്രീറ്റ് ചെയ്ത് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

(13-8-2014-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 18)</u>

കോളനി സമുച്ചയത്തിലുള്ള പുന്നപാറ, തേക്കതോട്ടം എന്നിവിടങ്ങളിലേക്കുള്ള റോഡും മുല്ലയിൽ നിന്നും വാക്കത്തിയിലേക്കും കത്തിതേപ്പൻ എന്നീ കോളനി കളിലേക്കുമുള്ള റോഡുകളും കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(17-1-2014-ലെ 4575/സി3/2013/വനം, 21-6-2014-ലെ 6127 ഡി1/2013/വനം
എന്നീ നമ്പർ കത്തുകൾ പ്രകാരം ലഭിച്ചത്)

കോളനി സമുച്ചയത്തിലേക്കുള്ള പുന്നപാറ, തേക്കതോട്ടം എന്നിവിടങ്ങളിലേക്കുള്ള റോഡും മുല്ലയിൽ നിന്നും വാക്കത്തിയിലേക്കും കത്തിതേപ്പൻ എന്നീ കോളനി കളിലേക്കുമുള്ള റോഡുകളും ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുന്നുണ്ട്.

(13-8-2014-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 19)</u>

വേനൽക്കാലത്തും വറ്റാത്ത ജലസ്രോതസ്സ് ഉള്ളത് സംരക്ഷിച്ച് അതിൽ നിന്നും ആവശ്യമായ ജലവിതരണ സംവിധാനം ഒരുക്കി കോളനികളിൽ ശുദ്ധജലവിതരണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ജലവിഭവ വകുപ്പിന്റെ മറുപടി</u>

(29-11-2014-ലെ 11365/ബി2/2013/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ബഹു. നിയമസഭാ സമിതിയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രദേശം ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിലെ ഉപ്പുതറ വില്ലേജിലെ ഉപ്പുതറ പഞ്ചായത്തിൽ രണ്ടും മൂന്നും വാർഡുകളിൽപ്പെടുന്നതാണ്. ടി പഞ്ചായത്തിന്റെ അതിർത്തിയിലുള്ള

വനപ്രദേശ മേഖലയാണ് മുല്ല, കണ്ണമ്പടി, മേമാരി കോളനികൾ സ്ഥിതിചെയ്യുന്നത്. ടി പ്രദേശത്ത് നിലവിൽ ശുദ്ധജലവിതരണത്തിനായി കാര്യക്ഷമമായ ഒരു പദ്ധതിയും ഇല്ല.

വാഹനഗതാഗതത്തിന് അനുയോജ്യമല്ലാത്തതും ദുർഘടവും വന്യജീവികളുടെ ശല്യമുള്ളതുമായ പ്രസ്തുത പ്രദേശങ്ങൾക്കായി സുസ്ഥിരവും ആരോഗ്യകരവുമായ കുടിവെള്ള പദ്ധതി തയ്യാറാക്കുവാൻ വിശദമായ ഒരു പഠന റിപ്പോർട്ട് ആവശ്യമായതിനാൽ ഇതിനാവശ്യമായ സമയം അനുവദിച്ചുതരണമെന്നും പ്രസ്തുത സമയപരിധിക്കുള്ളിൽനിന്ന് വ്യക്തമായ ഒരു പദ്ധതിരേഖ തയ്യാറാക്കി നൽകുവാൻ സാധിക്കുന്നതാണെന്നും കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത അഭ്യർത്ഥന സർക്കാർ പരിഗണിക്കുകയും 31-3-2015-നുള്ളിൽ പഠന റിപ്പോർട്ട് തയ്യാറാക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ സത്വരനടപടികൾ കൈക്കൊള്ളുവാനും മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തു.

(21-1-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 20)</u>

വർഷത്തിൽ നാല് പ്രാവശ്യമെങ്കിലും ഓരോ കോളനിയിലും വനം വകുപ്പും ട്രൈബൽ വകുപ്പും സംയുക്തമായി ഊരുകൂട്ടം വിളിക്കണമെന്നും വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി അതത് സാമ്പത്തിക വർഷത്തെ പദ്ധതികളിലുൾപ്പെടുത്തി അനന്തര നടപടികൾക്കായി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(17-1-2014-ലെ 4575/സി3/2013/വനം, 21-6-2014-ലെ 6127 ഡി1/2013/വനം എന്നീ നമ്പർ കത്തുകൾ പ്രകാരം ലഭിച്ചത്)

ഓരോ കോളനിയിലും ട്രൈബൽ വകുപ്പുമായി ബന്ധപ്പെട്ട് വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ അതത് സാമ്പത്തിക വർഷത്തെ പദ്ധതികളിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(13-8-2014-ലെ യോഗം അംഗീകരിച്ചു.)

(ബി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 18689/ഇ 1/2015/പജപവവിവ.നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

വർഷത്തിൽ രണ്ട് പ്രാവശ്യമാണ് പട്ടികവർഗ്ഗ കോളനികളിൽ ഊരുകൂട്ടയോഗങ്ങൾ കൂടാറുള്ളത്. അത്യാവശ്യഘട്ടങ്ങളിൽ അധികമായി ഊരുകൂട്ടയോഗങ്ങൾ ചേരുകയും

യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഗ്രാമപഞ്ചായത്ത് മെമ്പറുടെ അധ്യക്ഷതയിൽ ചേരുന്ന ഊരുകൂട്ടയോഗത്തിൽ വനമേഖല കളിലുള്ള കോളനികളിൽ വനം വകുപ്പിന്റെ പ്രതിനിധികൾ പങ്കെടുക്കാറുണ്ട്. കോളനി നിവാസികളുടെ ആവശ്യങ്ങൾ ഊരുകൂട്ടയോഗത്തിന്റെ മിനിട്ട്സിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കുകയാണ് ചെയ്തുവരുന്നത്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 21)

കോളനികളിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലും വീടുകളിലും വൈദ്യുതി എത്തിക്കാനുള്ള തടസ്സങ്ങൾ നീക്കണമെന്നും ആർ.ജി.ജി.വൈ. പദ്ധതിയിലുൾപ്പെടുത്തി കോളനികൾ വൈദ്യുതീകരിക്കണമെന്നും വനമേഖലയിലൂടെ വൈദ്യുതി ലൈനുകൾ വലിക്കുന്നതിന് തടസ്സമുള്ളപക്ഷം സോളാർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ഊർജ്ജ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

ഊർജ്ജ വകുപ്പിന്റെ മറുപടി

(25-10-2014-ലെ 4174/സി1/2013/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

അന്വേഷണത്തിൽ ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ മേമാരി പട്ടികവർഗ്ഗ കോളനി മാത്രമെ വൈദ്യുതീകരിക്കേണ്ടതായിട്ടുള്ളു എന്ന് അറിയാൻ കഴിഞ്ഞു. ഈ കോളനി വൈദ്യുതീകരണത്തിനുവേണ്ടി 74 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കി അനുമതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന് 14-3-2014-ൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 21-1-2015-ലെ യോഗം പരിഗണിക്കുകയും താഴെപ്പറയും പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് അധികവിവരം ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു:

സമിതി ആരാഞ്ഞ അധികവിവരം

ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ മേമാരി പട്ടികവർഗ്ഗ കോളനിയുടെ വൈദ്യുതീകരണ ത്തിനുവേണ്ടി വൈദ്യുതി വകുപ്പ് സമർപ്പിച്ച പ്രോജക്ടിന് അനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം.

<u>സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ പട്ടികജാതി</u>
<u>പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടി</u>

(24-11-2015-ലെ 26536/ഇ 1/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മേമാരി പട്ടികവർഗ്ഗ സങ്കേതം വൈദ്യുതീകരണത്തിനുള്ള 74 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വൈദ്യുതി ബോർഡിൽനിന്നും ലഭ്യമായിട്ടുണ്ട്. ഇടുക്കി ഐ.റ്റി.ഡി.പി. ഓഫീസിൽ ഇതോടൊപ്പം ലഭ്യമായിട്ടുള്ള മറ്റ് 11 വൈദ്യുതീകരണ പദ്ധതികളുടെ എസ്റ്റിമേറ്റുകൾ ഉൾപ്പെടെ 3,79,88,652 രൂപയുടെ (മൂന്ന് കോടി എഴുപത്തിയൊൻപത് ലക്ഷത്തി എൺപത്തി എട്ടായിരത്തി അറുനൂറ്റി അൻപത്തി രണ്ട് രൂപ മാത്രം) എസ്റ്റിമേറ്റുകൾ ജില്ലാതല/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിയ്ക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പാക്കുന്നതാണ്.

(25-11-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 22)</u>

കൈവശഭൂമിക്ക് വനാവകാശരേഖ നൽകാനുള്ള കുടുംബങ്ങൾക്ക് വനാവകാശരേഖ നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി വനം വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

<u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(17-1-2014-ലെ 4575/സി3/2013/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റിയിൽ (F.R.C.) അംഗീകരിച്ച ആവശ്യമായ രേഖകളോട്ടുകൂടിയ വനാവകാശ രേഖകൾക്കുള്ള അപേക്ഷകൾ വനം വകുപ്പിന്റെ ശിപാർശയോട്ടുകൂടി മേൽകമ്മിറ്റികൾക്ക് സമർപ്പിച്ചിട്ടുള്ളതും ആയതിൽ അർഹതപ്പെട്ട എല്ലാവർക്കും വനാവകാശ രേഖകൾ ലഭിച്ചിട്ടുള്ളതുമാണ്.

(13-8-2014-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 23)</u>

ആദിവാസികൾക്ക് നൽകിയിരിക്കുന്ന എ.പി.എൽ. കാർഡുകൾ പരിശോധിച്ച് അത് ബി.പി.എൽ. കാർഡാക്കി നൽകുന്നതിന് ആവശ്യമായ നടപടി എത്രയുംവേഗം ഉണ്ടാകണമെന്ന് സമിതി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

<u>ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ മറുപടി</u>

(14-9-2015-ലെ 5825/ബി3/2013/ഭ.സി.സ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ ഉപ്പുതറ പഞ്ചായത്തിലെ ആദിവാസി-പട്ടികവർഗ്ഗ കോളനികളിലെ ആദിവാസികളുടെ എ.പി.എൽ. റേഷൻ കാർഡുകൾ

ബി.പി.എൽ. ആക്കുന്നതിനായി 9-9-2015-ൽ കണ്ണമ്പടി, വളകോട് കോളനികളിൽവച്ച് ജില്ലാ സപ്ലൈ ഓഫീസർ തലത്തിൽ ക്യാമ്പുകൾ നടത്തുകയും 234 എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കി നൽകുകയും ചെയ്തിട്ടുണ്ട്.

നിലവിലെ കാർഡുകളുടെ വിവരം താഴെ പറയും പ്രകാരമാണ്:

(1) ബി.പി.എൽ. കാർഡുള്ളവർ —238

(2) എ.പി.എൽ. കാർഡുള്ളവർ — 37

(3) എ.എ.വൈ. കാർഡുള്ളവർ —381

മേൽപ്പടി 37 എ.പി.എൽ. കാർഡുകളിൽ 20-ഓളം സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കാർഡുകളാണ്. 17 കുടുംബങ്ങൾ സ്ഥലത്തില്ലാത്തതിനാൽ അപേക്ഷകൾ ലഭ്യമായിട്ടില്ല. ട്രൈബൽ ഓഫീസറുമായി ബന്ധപ്പെട്ട് അപേക്ഷകൾ സ്വീകരിച്ച് കാർഡുകൾ നൽകുന്നതാണ്.

(15-9-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 24)

കണ്ണമ്പടി ഗവൺമെന്റ് ഹൈസ്കൂളിനോട് അനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പട്ടികജാതി-പട്ടികവർഗ്ഗ, പൊതുവിദ്യാഭ്യാസ വകുപ്പുകൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 18689/ഇ 1/2015/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കണ്ണമ്പടി ഗവൺമെന്റ് ഹൈസ്കൂളിൽ നിലവിൽ 207 കുട്ടികൾ പഠിക്കുന്നതിൽ 188 പേർ പട്ടികവർഗ്ഗക്കാരാണ്. ടി സ്കൂളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പ്രീ മെട്രിക് ഹോസ്റ്റലിന് സ്ഥലം സ്കൂൾ കോമ്പൗണ്ടിൽനിന്നും ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സ്കൂളിനടുത്തുതന്നെ 100 കുട്ടികൾക്ക് താമസസൗകര്യം നൽകാൻ കഴിയുന്ന തരത്തിലുള്ള ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 25)

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി വിഭാഗത്തിന്റെ കൃഷിയിടത്തിനും താമസസ്ഥലത്തിനും ചുറ്റും ട്രെഞ്ച് നിർമ്മിക്കുന്നത് ഫലപ്രദമാണോയെന്ന് പരിശോധിക്കണമെന്നും,

ഉപയോഗപ്രദമെങ്കിൽ അവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(21-6-2014-ലെ 6127/ഡി1/2013/വനം, 17-1-2014-ലെ 4575/സി3/2013/വനം എന്നീ നമ്പർ കത്തുകൾ പ്രകാരം ലഭിച്ചത്)

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി വിഭാഗത്തിന്റെ കൃഷിയിടത്തിനും താമസസ്ഥലത്തിനും ചുറ്റും ട്രെഞ്ച് നിർമ്മിക്കുന്നത് ഫലപ്രദമാണോയെന്ന് പരിശോധിച്ച് വരികയാണ്. ആയത് പ്രായോഗികമാണെന്നും കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(13-8-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 26)</u>

കോളനികളിലെ വീടുകളിൽ മദ്യം ഉല്പാദിപ്പിക്കുന്നതിനും അമിത മദ്യപാനംമൂലം രോഗങ്ങൾക്ക് അടിമപ്പെടുന്നത് തടയുന്നതിനും ഒരു കൂട്ടായ്മ ഉയർന്നുവരണമെന്നും വ്യാപകമായ ബോധവത്കരണ പരിപാടികൾ ആരോഗ്യ വകുപ്പും ട്രൈബൽ വകുപ്പും സംയുക്തമായി ആവിഷ്കരിക്കണമെന്നും ആരോഗ്യം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ ആത്മാർത്ഥമായ ഇടപെടലും പ്രതിരോധവും ബോധവൽക്കരണവും കൊണ്ടുമാത്രമെ മദ്യപാനംമൂലം ഇവിടുത്തെ ജനങ്ങളിൽ നല്ലൊരു ശതമാനം നേരിടുന്ന കരൾ രോഗം, സാമ്പത്തിക പരാധീനത, ക്രമസമാധാന പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയൂ എന്നും സമിതി വിശ്വസിക്കുന്നു. ഇവ ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനപരിപാടികൾ അടിയന്തരമായി നടപ്പിലാക്കുവാൻ ആരോഗ്യ കുടുംബക്ഷേമം, പട്ടികജാതി-പട്ടികവർഗ്ഗം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>നികുതി വകുപ്പിന്റെ മറുപടി</u>

(17-6-2014-ലെ 9270/ജി2/2013/നി.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

സംസ്ഥാനത്ത് ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ അനധികൃത മദ്യവില്പനയും നിർമ്മാണവും, ഉപഭോഗവും തടയാൻ കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കൊപ്പം നിയമ നടപടികളും ഇത്തരം കോളനികളിൽ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ക്ലബ്ബ്, സന്നദ്ധസംഘടനകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നിവയിലെ വാളണ്ടിയർമാരെയും ട്രെയിനർമാരെയും എക്സൈസ് ഉദ്യോഗസ്ഥരുടെയും സേവനത്തിലൂടെയും ത്രിതല പഞ്ചായത്തുകളുടെ പിന്തുണയോടെയും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച്

യഥാസമയം കൂടി അവലോകനം നടത്തി മദ്യലഹരി വസ്തുക്കളുടെ ഉപയോഗംമൂലമുള്ള ആരോഗ്യപരവും കുടുംബപരവുമായ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതോടൊപ്പം വരുംതലമുറയെ ലഹരിയുടെ പിടിയിൽനിന്ന് മോചിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം തുടക്കമെന്ന നിലയിൽ ജില്ലാതലങ്ങളിൽ എസ്.സി. എസ്.റ്റി. കോളനികളിൽ ബോധവൽക്കരണത്തിനായി "കളക്ടേഴ്സ് ഫണ്ട് ഫോർ എൻഫോഴ്സ്മെന്റ് ഓഫ് പ്രൊഹിബിഷൻ പോളിസി 2039-00-001-96" എന്ന ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് പ്രത്യേക ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുവാനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

### (ബി) ആഭ്യന്തര വകുപ്പിന്റെ മറുപടി

(18-7-2014-ലെ 36766/എസ്.സി1/2013/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കോളനിയിലെ വീടുകളിൽ മദ്യം ഉല്പാദിപ്പിക്കുന്നതും അമിത മദ്യപാനംമൂലം രോഗങ്ങൾക്ക് അടിമപ്പെടുന്നതും തടയുന്നതിന് വ്യാപകമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ, പോലീസ്, എക്സൈസ്, ആരോഗ്യം, ട്രൈബൽ ഡെവലപ്മെന്റ് വകുപ്പുകളെ ചുമതലപ്പെടുത്തിയിരുന്നു. ഈ വകുപ്പുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ആളുകൾ താമസിച്ചുവരുന്ന കോളനികളിൽ സംയുക്തമായും കാര്യക്ഷമമായും പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. മേൽപ്പറഞ്ഞ വകുപ്പുകളുടെ സഹകരണത്തോടെ ബോധവത്കരണ ക്ലാസ്സുകളും, മെഡിക്കൽ ക്യാമ്പുകളും, റസിഡൻസ് അസോസിയേഷനുകളുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നതിന് അതത് ജില്ലകളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലെയും സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ മാസത്തിൽ ഒരിക്കലും, സി.ഐ.മാർ മാസത്തിൽ രണ്ട് പ്രാവശ്യവും, എസ്.ഐ.മാർ ഓരോ ആഴ്ചയിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും പരാതികൾ പരിഹരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ജില്ലാതല മോണിറ്ററിംഗ് യോഗങ്ങളും പ്രതിമാസ ക്രൈം കോൺഫറൻസുകളും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട് എന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### സമിതിയുടെ തുടർ ശിപാർശ

നികുതി, ആഭ്യന്തര വകുപ്പുകളുടെ മറുപടികൾ സമിതിയുടെ 13-8-2014-ലെ യോഗം പരിഗണിക്കുകയും സംസ്ഥാനത്തെ ആദിവാസി, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് നിശ്ചിത ഇടവേളകളിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

## തുടർ ശിപാർശകളിന്മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ മറുപടി

(5-6-2015-ലെ 24894/ജി2/14/നി.വ.നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ശക്തമായ ലഹരി/മദ്യവിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. തുടർന്നും ആയത് ശക്തമായ രീതിയിൽ തുടരുന്നതാണ്. എക്സൈസ് വകുപ്പ് ടി മേഖലകൾ കേന്ദ്രീകരിച്ച് നടത്തിയ പരിപാടികളെ സംബന്ധിച്ച റിപ്പോർട്ട് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

**തിരുവനന്തപുരം**

2014 വർഷത്തിൽ 4 താലൂക്കുകളിലായി ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് സംയുക്ത റെയ്ഡുകൾ ഉൾപ്പെടെ 864 റെയ്ഡുകളും, 23 അബ്കാരി/എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിനോടനുബന്ധിച്ച് 23 പ്രതികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. 920 ലിറ്റർ വാഷും, 15 ലിറ്റർ ചാരായവും, 20.600 ലിറ്റർ ഐ.എം.എഫ്.എൽ., 490 ഗ്രാം കഞ്ചാവും പിടിച്ചെടുത്തിട്ടുണ്ട്. 13 ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ ആദിവാസി, പട്ടികജാതി/ പട്ടികവർഗ്ഗ മേഖലകൾ കേന്ദ്രീകരിച്ച് നടത്തിയിട്ടുണ്ട്.

**കൊല്ലം**

ജില്ലയിൽ 2012 ജനുവരി മുതൽ 2014 ഡിസംബർ വരെ പട്ടികജാതി/പട്ടികവർഗ്ഗ ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് 51 ബോധവത്കരണ പരിപാടികൾ നടത്തി. വനം, പോലീസ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് പരിശോധനകൾ നടത്തി വ്യാജമദ്യ വിപണനം, മയക്കമരുന്ന് എന്നിവ തടയുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനപങ്കാളിത്തത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ആലപ്പുഴ**

2013-14, 2014-15 വർഷത്തിൽ ഡിവിഷനിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് 25 ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു ടി പ്രദേശത്തുനിന്നും 19 അബ്കാരി കേസുകളും 1 എൻ.ഡി.പി.എസ്. കേസും എടുത്തിട്ടുണ്ട്. ടി മേഖലകളിൽ പതിവായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**പത്തനംതിട്ട**

2011 മുതൽ പത്തനംതിട്ട ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് 15 ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. കൊട്ടുമൺ ഐക്കാട് എ.കെ.ജി.കോളനി, കണ്ണങ്കര മോഡി കോളനി, കുറ്റപ്പുഴ സിറ്റിസൺ കോളനി,

ഗാന്ധി നഗർ കോളനി,1/13-ൽ കൈപ്പറ്റ കോളനി, അടിച്ചിപ്പിഴ ഗിരിജൻ കോളനി, അട്ടത്തോട് ഗിരിജൻ കോളനി എന്നിവിടങ്ങളിൽ മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും കോളനി നിവാസികളിൽ ഇതിനെതിരെ അവബോധം സൃഷ്ടിക്കുകയും ചെയ്തു.

**കോട്ടയം**

ഈ ഡിവിഷനിൽ ആദിവാസി പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് 5 ലഹരിവിരുദ്ധ ക്ലാസ്സുകളും 2 ലഘുലേഖാ വിതരണവും നടത്തിയിട്ടുണ്ട്.

**ഇടുക്കി**

ഡിവിഷനിൽ 21 കോളനികളിലായി, 21 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സെമിനാർ, വീഡിയോ പ്രദർശനം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പിന്നോക്കം നില്ക്കുന്ന 50 ആദിവാസി മേഖലകളിൽ പ്രത്യേക സെമിനാറുകളും വീഡിയോ പ്രദർശനവും നടത്തിയിട്ടുണ്ട്.

**എറണാകുളം**

ജില്ലയിലെ ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നിരവധി ബോധവൽക്കരണ ക്ലാസ്സുകളും ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുള്ളതാണ്.

**തൃശ്ശൂർ**

ജില്ലയിലെ വെളുത്തൂർ കോളനി, ചാലക്കൽ കോളനി, മുണ്ടൂർ കയൽ കോളനി, കല്ലിട കോളനി, ചാഴൂർ കോളനി, പൊന്നോർ കോളനി, വാച്ച് മരം കോളനി, പുളിയിലപ്പാറ കോളനി, പൊകലപ്പാറ കോളനി, വെളക്കുഴി കോളനി, പരനാട്ട്കുന്ന് കോളനി, കാട്ടിക്കരക്കുന്ന് കോളനി, ബ്ലാങ്ങാട് സുനാമി കോളനി, തെട്ടാപ്പ് കോളനി, മുന്നയാനി കോളനി, വെങ്കിടങ്ങ് കോളനി, പുതുശ്ശേരി കോളനി, തിമന്നികുന്ന് കോളനി, കമ്പളക്കോട് മാട്ടിട്ടക്കൽ കോളനി, ഉണികുന്ന് കോളനി, മുണ്ടത്തിക്കോട് കോടശ്ശേരി കോളനി എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസ്സും ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. കൂടാതെ ടി സ്ഥലങ്ങളിലെല്ലാം റെയ്ഡുകൾ നടത്തിയിട്ടുള്ളതുമാണ്.

**പാലക്കാട്**

ഡിവിഷനിൽ ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പ്രധാനമായും അട്ടപ്പാടി മേഖല കേന്ദ്രീകരിച്ചാണ് നടത്തുന്നത്.

അട്ടപ്പാടി മേഖല കേന്ദ്രീകരിച്ച് 43 ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ആനക്കട്ടിയിൽ പാസ്റ്റേഴ്സ് പ്രയേഴ്സുമായി ചേർന്ന് ലഹരിവിരുദ്ധ റാലിയും

അഗളി, പുതൂർ പഞ്ചായത്തുകളിൽ കുടുംബശ്രീയുമായി ചേർന്ന് മധുമുക്തി എന്ന ലഹരിവിരുദ്ധ പരിപാടിയും അഗളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയും നടത്തി.

കൂടാതെ മേലെ ചൂട്ടറ മേലെ ഉമ്മത്താപെട്ടി, ചീരക്കടവ്, പാടവയൽ, ചെമ്മണ്ണൂർ, കോട്ടത്തറ, പാലൂർ, ദൊഡ്ഡഗട്ടി, ഭൂതയാർ, ഷോളയൂർ, ഗോഞ്ചിയൂർ, വെച്ചപതി ഊര്, താവളം, മാമണ, കക്കുപ്പടി, മേലെക്കണ്ടിയൂർ, മേലേ മഞ്ചിക്കണ്ടി, ധാന്യം, മേലെ ഇടുക്കി, ചാളയൂർ, കൽക്കണ്ടിയൂർ എന്നിവിടങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തി ഊര് മൂപ്പന്മാരും ഊര് ജനങ്ങളും പങ്കെടുത്തു.

കോട്ടത്തറ ഗവ. യു. പി. സ്കൂളിൽ ചിത്രരചന മത്സരം, സി.ഡി. പ്രദർശനം, ബോധവൽക്കരണ റാലി എന്നിവ നടത്തി. അഗളി ഹൈസ്കൂളിൽ ലഹരിവിരുദ്ധ റാലിയും പ്രതിജ്ഞയും നടത്തി. ചിങ്ങക്കി സ്കൂളിൽ ബോധവൽക്കരണ പരിപാടി നടത്തി. ചന്ദ്രദിനവുമായി ബന്ധപ്പെട്ട് കോട്ടത്തറ ഗവൺമെന്റ് യു. പി. സ്കൂളിൽ ബോധവൽക്കരണ നാടകം, ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തി. മൂലമംഗൽ, വെള്ളക്കുളം ഊരുകളിലും ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി.

ചാളയൂർ, മുക്കാല ഊരുകളിൽ ബോധവൽക്കരണ പരിപാടി നടത്തുകയും എസ്.പി.സി., എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർക്ക് AHADS-ൽ വച്ച് ബോധവൽക്കരണ പ്രചാരണ ക്ലാസ്സുകൾ നടത്തി. മേൽപരിപാടികൾ ഊരിലെ ജനങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

അട്ടപ്പാടി മേഖലയിൽ 880 റെയ്ഡും, 139 അബ്കാരി കേസുകളും, 15 എൻ.ഡി.പി.എസ്. കേസുകളും കണ്ടെത്തിയിട്ടുണ്ട്. ടി കേസുകളിൽ 117 പ്രതികൾ ഉൾപ്പെട്ടതിൽ 111 പ്രതികളെ അറസ്റ്റ് ചെയ്തു. 68 ലിറ്റർ ചാരായവും 323.8 ലിറ്റർ ഐ.എം.എഫ്.എൽ., 3.616 കിലോഗ്രാം കഞ്ചാവ്, 24 കഞ്ചാവ് ചെടികൾ, 22158 ലിറ്റർ വാഷ്, 3 വാഹനം എന്നിവ തൊണ്ടിയായി പിടിച്ചെടുത്തിട്ടുള്ളതാണ്.

**മലപ്പുറം**

2014 വർഷത്തിൽ ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് 15 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്, ബോധവൽക്കരണ ഫിലിം പ്രദർശനം, സി.ഡി. പ്രദർശനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

**കോഴിക്കോട്**

2014-ൽ ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് 187 റെയ്ഡുകൾ നടത്തിയിട്ടുള്ളതും പോലീസ്, ഫോറസ്റ്റ്, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്ന് 18 സംയുക്ത റെയ്ഡുകളും 97 ബോധവൽക്കരണ

പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. വ്യാജമദ്യ ഉൽപ്പാദനം ഒരു പരിധിവരെ നിർത്തലാക്കുന്നതിനും ആദിവാസി, പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും കുട്ടികളെ സ്ഥിരമായി വിദ്യാലയങ്ങളിൽ അയയ്ക്കുന്നതിനും ഇതുമൂലം സാധിച്ചിട്ടുണ്ട്.

**വയനാട്**

2014-ൽ ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് 71 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ലഹരി സന്ദേശങ്ങൾ അടങ്ങിയ ക്ലാസ്സുകളും ചിത്രങ്ങളും സിനിമകളും പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്. 177 കോളനികൾ സന്ദർശിച്ച് ലഹരിക്കെതിരായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുള്ളതാണ്. കൂടാതെ 831 റെയ്ഡുകൾ നടത്തുകയും 85 കേസ്സുകൾ കണ്ടെടുക്കുകയും 2136 ലിറ്റർ വാഷ്, 14 ലിറ്റർ ചാരായം, 203 ലിറ്റർ ഐ.എം.എഫ്.എൽ. എന്നിവ പിടിച്ചെടുക്കുകയും ചെയ്തിട്ടുള്ളതാണ്.

**കണ്ണൂർ**

ജില്ലയിൽ ആദിവാസി, പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ 26 ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സി.ഡി. പ്രദർശനം എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ 321 കോളനി റെയ്ഡുകൾ സംഘടിപ്പിച്ചിട്ടുള്ളതാണ്. നിശ്ചിത ഇടവേളകളിൽ തുടർന്നും ബോധവൽക്കരണ പരിപാടി നടത്തി കോളനികളിലെ മദ്യ-മയക്കമരുന്ന് എന്നിവയുടെ പ്രചാരണവും ഉപഭോഗവും പരമാവധി തടയുന്നതിനുവേണ്ട കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതാണ്.

**കാസർഗോഡ്**

കാസർഗോഡ് ഡിവിഷനിൽ 2011-2014 കാലയളവിൽ 29 ബോധവൽക്കരണ പരിപാടികൾ നടത്തി. ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് 205 റെയ്ഡുകൾ നടത്തുകയും 71 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. 63 പ്രതികളെ അറസ്റ്റ് ചെയ്തു. 157.3 ലിറ്റർ ചാരായം, 1067 ലിറ്റർ വാഷ്, 83.114 ലിറ്റർ ഐ.എം.എഫ്.എൽ. എന്നിവ പിടിച്ചെടുത്തു.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

<u>തുടർ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ മറുപടികൾ</u>

(i) (7-9-2015-ലെ 90165/എസ്.സി1/2014/ആഭ്യ. നമ്പർ കത്തുപ്രകാരം ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ദൂഷ്യവശങ്ങളെപ്പറ്റി നിശ്ചിത ഇടവേളകളിൽ ബോധവൽക്കരണ പരിപാടികൾ

സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വിവിധ സന്നദ്ധ സംഘടനകൾ എന്നിവരുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകളും മദ്യവിരുദ്ധ സെമിനാറുകളും നടത്തുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7-10-12015-ലെ യോഗം അംഗീകരിച്ചു.)

(ii) (19-10-2015-ലെ 50031/ജി3/2012/ആഭ്യ. നമ്പർ കത്തുപ്രകാരം ലഭിച്ചത്)

ഇടുക്കി ജില്ലയിലെ ഉപ്പുതറ പഞ്ചായത്തിലെ ആദിവാസി കോളനിയിൽ പോലീസും എക്സൈസും ചേർന്ന് നടത്തിയ ബോധവൽക്കരണ പരിപാടികളുടെയും റെയ്ഡിന്റെയും ഭാഗമായി മദ്യ ഉൽപ്പാദനം ഒരു പരിധിവരെ നിർത്തലാക്കുവാൻ സാധിച്ചിട്ടുള്ളതും ഇത് സംബന്ധിച്ച കേസുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>10-ാം നമ്പർ ശിപാർശയിന്മേൽ മറ്റ് വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ</u>

(സി) <u>നികുതി വകുപ്പിന്റെ മറുപടി</u>

(24-11-2014- ലെ 4367/ജി2/14/നിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

സംസ്ഥാനത്തെ ആദിവാസി/പട്ടികജാതി കോളനികളിൽ താമസിക്കുന്ന ജനവിഭാഗങ്ങളുടെ സ്വൈരജീവിതം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും അമിതമായ ഉപയോഗംമൂലം തകർന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. ഇത്തരം അവസ്ഥയ്ക്ക് കാരണമായ അനധികൃത മദ്യത്തിന്റെ വിൽപ്പനയും നിർമ്മാണവും കടത്തും തടയാൻ കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ നിയമ നടപടി സ്വീകരിക്കുന്നുണ്ട്.

പട്ടിക്ജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി കൂടിയാലോചിച്ച് രൂപരേഖ തയ്യാറാക്കി ഇത്തരം കോളനികൾ കേന്ദ്രീകരിച്ച് സ്കൂളുകളിലെ ലഹരിവിരുദ്ധ ക്ലബ്, സന്നദ്ധസംഘടനകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.), നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്.), കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നിവയിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം ടി കോളനികൾ കേന്ദ്രീകരിച്ച് നടത്തുകയും ടി സംഘടനകളിലെ വോളന്റിയർമാരേയും ട്രെയിനർമാരേയും കൂടാതെ എക്സൈസ് ഉദ്യോഗസ്ഥരേയും സഹകരിപ്പിച്ച് സേവനത്തിലൂടെ ത്രിതല പഞ്ചായത്തുകളുടെ പിന്തുണയോടെ മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കാവുന്നതാണ്. മോണിറ്ററിംഗ് സമിതികൾ യഥാസമയംകൂടി അവലോകനം നടത്തി ലഹരിയുടെ ഉപയോഗംമൂലമുള്ള ആരോഗ്യപരവും കുടുംബപരവുമായ ദൂഷ്യവശങ്ങൾ ടി ജനങ്ങളെ ബോധവാൻമാരാക്കുന്നതിനോടൊപ്പം വരുംതലമുറയായ കുട്ടികളിൽ ലഹരിവിരുദ്ധ അവബോധം

സൃഷ്ടിച്ചുകൊണ്ട് ലഹരിയുടെ പിടിയിൽനിന്ന് ഈ ജനതയെ മോചിപ്പിക്കാൻ കഴിയുന്നതാണ്. ശക്തമായ നിയമനടപടികൾക്കൊപ്പം ഈ പ്രവർത്തനങ്ങളുടെ തുടക്കമെന്ന നിലയിൽ ജില്ലാതലങ്ങളിൽ എസ്.സി./എസ്.റ്റി. കോളനികളിൽ മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി കളക്ടേഴ്സ് ഫണ്ട് ഫോർ എൻഫോഴ്സ്മെന്റ് ഓഫ് പ്രൊഹിബിഷൻ പോളിസി-2039-00-001-96 എന്ന ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് പ്രത്യേകമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(21-1-2015-ലെ യോഗം അംഗീകരിച്ചു.)

(ഡി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 18689/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് മദ്യപാനത്തിനെതിരെയുള്ള ബോധവൽക്കരണം പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് നടത്തിവരുന്നുണ്ട്. ബോധവൽക്കരണ ക്യാമ്പുകളിൽ പോലീസ്, എക്സൈസ്, നിയമ വകുപ്പുകളിൽ നിന്നുള്ള പ്രഗത്ഭരായ ഉദ്യോഗസ്ഥർ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. പ്രത്യേക ശ്രദ്ധ ആവശ്യമായി വരുന്ന കോളനികളിൽ പ്രത്യേകമായി ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നുണ്ട്. കോളനികളിൽ അനധികൃത മദ്യനിർമ്മാണം ശ്രദ്ധയിൽപ്പെട്ടാൽ എക്സൈസ് വകുപ്പ് അധികൃതരെ വിവരമറിയിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

(ഇ) <u>ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി</u>

(14-9-2015-ലെ 12917/ഇ 1/14/ആകവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ അധിവസിക്കുന്നവർ വ്യാജലഹരി ഉത്പാദനത്തിൽ ഏർപ്പെടുന്നതും തൽഫലമായി വിവിധതരം രോഗങ്ങൾക്ക് അടിമപ്പെടുന്നതായി മനസ്സിലായിട്ടുണ്ട്. ആദിവാസി മേഖലകളിലെ കോളനികളിൽ പ്രായവിവേചനമില്ലാതെ വലിയൊരു ജനവിഭാഗം വ്യാജലഹരിയുടെ പിടിയിലാണ്. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ കീഴിൽ മദ്യത്തിനും പുകവലിക്കുമെതിരെ ബോധവൽക്കരണത്തിന് ഊന്നൽ നൽകിവരുന്നു. സ്കൂളുകളിലും തൊഴിൽശാലകളിലും ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രദർശനങ്ങളും ലഹരി വിമുക്ത പ്രവർത്തനങ്ങളും നടത്തിവരുന്നു. "ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവയർനെസ് പ്രോഗ്രാം (Leap)" ഈ ഉദ്ദേശത്തോടുകൂടി സ്കൂളുകളിൽ ആരംഭിച്ച പദ്ധതിയാണ്. കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട്

മദ്യപാനത്തിനെതിരെ മധുമുക്തി എന്ന പരിപാടിയും 140 പഞ്ചായത്തുകളിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. ലഹരി വിമുക്ത ചികിത്സയ്ക്കായി 55 Tobacco cessation centre-കളും 9 ഡിഅഡിക്ഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും ഡിഅഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫലപ്രദവും ശാശ്വതവുമായ ഒരു പരിഹാരത്തിനായി ആരോഗ്യം, എക്സൈസ്, പോലീസ്, പട്ടികജാതി പട്ടികവർഗ്ഗം, യുവജനക്ഷേമം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം ആവശ്യമാണ്.

(15-9-2015-ലെ യോഗം അംഗീകരിച്ചു)

## ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 27)

കോളനി പ്രദേശത്ത് ഒരു സമ്പൂർണ്ണ കൃഷി വികസന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിക്കണമെന്നും കാലിവളർത്തലിനായി ഒരു കാലിവളർത്തൽ കേന്ദ്രം സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### കൃഷി വകുപ്പിന്റെ മറുപടി

(13-1-2015-ലെ 23929/പിബി2/13/കൃഷി നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

മേമാരി കോളനി പ്രദേശത്ത് ഒരു സമ്പൂർണ്ണ കൃഷി വികസന പദ്ധതി ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെയും കൃഷി വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു ഊരുകൂട്ടം 5-5-2014-ന് നടത്തിയിരുന്നു. നെല്ല്, മുളക്, മരച്ചീനി, ഏത്തവാഴ, കുരുമുളക് തുടങ്ങിയ വിളകളുടെ വികസനം സംബന്ധിച്ച വിലയിരുത്തൽ, പാലുല്പാദനം കൂട്ടുന്നതിന് കറവപ്പശുക്കൾ നൽകുന്നതിനുള്ള പദ്ധതി, മാംസാവശ്യത്തിനായി എരുമ, പോത്ത് എന്നിവയുടെ കിടാവുകളെ നൽകി വളർത്തി വിൽക്കുന്ന പദ്ധതി എന്നിവയായിരുന്നു പ്രധാന ചർച്ചാവിഷയങ്ങൾ. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി സൗകര്യം, റോഡ് സൗകര്യം, സൗരോർജ്ജ വിളക്കുകൾ ലഭ്യമാക്കൽ തുടങ്ങിയ പ്രതിസന്ധികളും യോഗത്തിൽ ചർച്ചാവിഷയമായി.

ഈ യോഗ തീരുമാനമനുസരിച്ച് ജനകീയാസൂത്രണ പദ്ധതി രൂപീകരിച്ച് സമിതി ശിപാർശയിന്മേൽ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(25-2-2015 -ലെ യോഗം അംഗീകരിച്ചു)

## ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 28)

പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും 1.25 ലക്ഷം രൂപ മാത്രമേ നൽകുന്നുള്ളൂവെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. അത് 2.5 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 18689/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച് നൽകുന്ന ഭവന നിർമ്മാണ ധനസഹായം 1.25 ലക്ഷം രൂപയിൽ നിന്നും 2.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചപ്പോൾ ത്രിതല പഞ്ചായത്തുകൾ ധനസഹായ നിരക്ക് വർദ്ധിപ്പിക്കാതിരുന്നത് മൂലമാണ് പഞ്ചായത്തുകളിൽ നിന്നും 1.25 ലക്ഷം രൂപ മാത്രം ഭവന നിർമ്മാണ ധനസഹായം നൽകുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടത്. ത്രിതല പഞ്ചായത്തുകളിൽ നിന്നും അനുവദിക്കുന്ന ഭവന നിർമ്മാണ ഗ്രാന്റ് 2013-ൽ തന്നെ 2.50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും അതനുസരിച്ച് ധനസഹായം നൽകുകയും ചെയ്തു വരുന്നുണ്ട്. നിലവിൽ വകുപ്പിൽ നിന്നും നല്കിവരുന്ന ഭവന നിർമ്മാണ ധനസഹായം 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ത്രിതല പഞ്ചായത്തുകളിൽനിന്നും 2.50 ലക്ഷം രൂപയാണ് പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം നല്കി വരുന്നത്.

(12-8-2015 -ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 29)</u>

സൈറ്റ് വെരിഫൈ ചെയ്ത് വീട് പണിക്കാണെന്ന് ഉറപ്പുവരുത്തിയാൽ അവർക്ക് മണൽ വാരുന്നതിനുള്ള അനുമതി നൽകണമെന്ന് സമിതി വനം-വന്യജീവി വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

<u>വനം-വന്യജീവി വകുപ്പിന്റെ മറുപടികൾ</u>

(i) (20-8-2013-ലെ 6593/സി2/2013/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 16-12-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 1263/2011/പജ.പവ.വിവ. ഉത്തരവ് പ്രകാരം വനവാസികളായ ആദിവാസികൾക്ക് വനം വകുപ്പിന്റെ മേൽനോട്ടത്തിൽ മുൻകരുതലുകൾക്കും നിബന്ധനകൾക്കും വിധേയമായി വീട് നിർമ്മിക്കുന്നതിലേക്കായി വനപ്രദേശത്ത് നിന്ന് മണലും പാറയും ശേഖരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(13-8-2014 -ലെ യോഗം അംഗീകരിച്ചു.)

(ii) (17-1-2014-ലെ 4575/സി3/2013/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ബഹു. സുപ്രീം കോടതിയുടെ 14-2-2000-ലെ IA No. 548 in Civil Writ Petition No. 202/1995 പ്രകാരവും സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ 2-7-2014-ലെ 1-28/CEC/2003 പ്രകാരവും സംരക്ഷിതമേഖലയിൽ നിന്ന് യാതൊന്നും ശേഖരിക്കുവാൻ

പാടില്ലാത്തതാണ്. ആയതിനാൽ വീട് പണികൾപ്പെടെ ഏത് കാര്യത്തിനായാലും മണൽ വാരുന്നതിനുള്ള അനുമതി നൽകുവാൻ സാധ്യമല്ല.

(13-8-2014 -ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 14 (ഖണ്ഡിക നമ്പർ 30)

മേമാരി കോളനിയിൽ ഒരു റേഷൻ കട സ്ഥാപിക്കുന്നതിന് സിവിൽ സപ്ലൈസ് വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ മറുപടി

(14-9-2015-ലെ 5825/ബി3/2013/ഭസിസവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിലെ മേമാരി കോളനിയിൽ പുതിയ റേഷൻ കട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഇടുക്കി വന്യജീവി സങ്കേതത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ കിഴകാനം എന്ന സ്ഥലത്ത് നിലവിൽ പ്രവർത്തിക്കുന്ന 156-ാം നമ്പർ കടയിൽ നിന്നുമാണ് മേമാരി കോളനി നിവാസികൾ റേഷൻ സാധനങ്ങൾ വാങ്ങുന്നത്. ഇതിനായി പ്രദേശവാസികൾ 8 കി.മീ. ദൂരം യാത്ര ചെയ്യേണ്ടതായി വരുന്നു. എന്നാൽ മേമാരിയിൽ പുതിയ റേഷൻ കട അനുവദിക്കുന്നപക്ഷം അവിടെ താമസിക്കുന്ന 80-ഓളം കുടുംബങ്ങൾക്ക് മാത്രമേ പ്രസ്തുത കട പ്രയോജനപ്പെടുകയുള്ളൂ എന്നും മേമാരിക്കും നിലവിലുള്ള 156-ാം നമ്പർ കട സ്ഥിതി ചെയ്യുന്ന കിഴകാനത്തിനും ഇടയിൽ സ്ഥിതി ചെയ്യുന്ന പുന്നപാറ എന്ന സ്ഥലത്ത് റേഷൻ കട അനുവദിക്കുകയാണെങ്കിൽ, കൊല്ലത്തികാവ്, കത്തിത്തേപ്പൻ, മുല്ല, മേമാരി എന്നീ സ്ഥലങ്ങളിലുള്ള ആദിവാസി കുടികളിലെ കുടുംബങ്ങൾക്ക് പ്രയോജനകരമാവുന്നതാണെന്നും ആകെ 215 കാർഡുകൾ പുതിയതായി അനുവദിക്കുന്ന കടയിൽ ലഭിക്കുമെന്നും പീരുമേട് താലൂക്ക് സപ്ലൈ ഓഫീസർ റിപ്പോർട്ട് ചെയ്യുകയും ഇത് ഇടുക്കി ജില്ലാ കളക്ടർ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകത പരിഗണിച്ചും ആദിവാസികൾ ഏറ്റവും കൂടുതൽ അധിവസിക്കുന്നതുമായ പുന്നപാറ എന്ന സ്ഥലത്ത് നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങളിൽ ഇളവ് നൽകി പുതിയ കട അനുവദിച്ച് (നമ്പർ 5151/ബി3/15/ഭസിസവ. തീയതി 9-9-2015) ഉത്തരവായിട്ടുണ്ട്.

(15-9-2015 -ലെ യോഗം അംഗീകരിച്ചു)

## അദ്ധ്യായം III

# റിപ്പോർട്ടിലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം, സമിതിയുടെ ഇടർ ശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 24)

കണ്ണമ്പടി ഗവൺമെന്റ് ഹൈസ്കൂളിനോട് അനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പട്ടികജാതി പട്ടികവർഗ്ഗ, പൊതുവിദ്യാഭ്യാസ വകുപ്പുകൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മറുപടി

(30-6-2014-ലെ 24295/എം1/2014/പൊവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കട്ടപ്പന ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന കണ്ണമ്പടി ഗവ.ട്രൈബൽ ഹൈസ്കൂളിൽ ആകെയുള്ള 236 വിദ്യാർത്ഥികളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട 123 ആൺകുട്ടികളും 93 പെൺകുട്ടികളും ആകെ (216) പട്ടികജാതിയിൽപ്പെട്ട 5 ആൺകുട്ടികളും ഉൾപ്പെടുന്നു. 9 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ടി സ്കൂളിൽ ജോലി ചെയ്തുവരുന്നു. 3 ഏക്കർ സ്ഥലമാണ് സ്കൂളിനുള്ളത്. അതിൽ 2 ഏക്കർ സ്ഥലത്ത് ഓഫീസ്, ക്ലാസ്സ് റൂം, ഗ്രൗണ്ട് എന്നിവ സ്ഥിതി ചെയ്യുന്നു. യാത്രാസൗകര്യം കുറവുള്ള ടി സ്കൂളിലേക്ക് കാട്ടിലൂടെ 7 കിലോമീറ്റർ ജീപ്പിൽ യാത്ര ചെയ്താലേ സ്കൂളിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. കണ്ണമ്പടി സ്കൂളിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥനയുടെയും, വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കിയുടെ റിപ്പോർട്ട് ലഭ്യമായതിന്റെയും അടിസ്ഥാനത്തിൽ 12-11-2013-ലെ W3/41255/13/DPI നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് ആന്റ് ലോക്കൽ വർക്ക്സ് തിരുവനന്തപുരത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### സമിതി ആവശ്യപ്പെട്ട അധികവിവരം

മേൽപ്പറഞ്ഞ മറുപടി, സമിതിയുടെ 13-8-2015-ലെ യോഗം പരിഗണിക്കുകയും, കണ്ണമ്പടി ഗവൺമെന്റ് ഹൈസ്കൂളിനോടനുബന്ധിച്ചുള്ള ഹോസ്റ്റൽ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് ആരായുകയും ചെയ്തു.

### സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(7-8-2015-ലെ 58627/എം1/2014/പൊവിവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

കണ്ണമ്പടി ഗവൺമെന്റ് ട്രൈബൽ സ്കൂളിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുവേണ്ടി പ്ലാനും എസ്റ്റിമേറ്റും പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ

തയ്യാറാക്കി കഴിഞ്ഞു. ആയത് ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

<u>സമിതിയുടെ തുടർ ശിപാർശ നമ്പർ 1</u>

പ്രസ്തുത മറുപടി സമിതിയുടെ 12-8-2015-ലെ യോഗം പരിഗണിക്കുകയും ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശത്തിന്മേലുള്ള അന്തിമ റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമായിട്ടില്ല. <u>ആയതിനാൽ ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 27)</u>

കോളനി പ്രദേശത്ത് ഒരു സമ്പൂർണ്ണ കൃഷി വികസന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിക്കണമെന്നും കാലിവളർത്തലിനായി ഒരു കാലിവളർത്തൽ കേന്ദ്രം സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>കൃഷി വകുപ്പിന്റെ ഇടക്കാല മറുപടി</u>

(17-12-2014-ലെ 24590/എ.എച്ച്.ജി2/2013/എ.ഡി. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഇടുക്കി ജില്ലയിലെ മേമാരി കോളനി കാലിവളർത്തലിന് അനുയോജ്യമാണെങ്കിലും, പാൽ മാർക്കറ്റിലോ സൊസൈറ്റിയിലോ എത്തിക്കുക എന്നത് ബുദ്ധിമുട്ടായതുകൊണ്ട്, കാലിവളർത്തൽ ക്രമേണ കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ, ഒരു കാലിവളർത്തൽ കേന്ദ്രം തുടങ്ങുന്നതിന് പകരം കോളനിയിലെ ആകെയുള്ള 80 കുടുംബങ്ങളിൽ സന്നദ്ധരായ ഓരോ കുടുംബത്തിനും 2 കറവപ്പശുക്കളെ വീതം നൽകുന്ന രീതിയിലുള്ള പദ്ധതിയും കൂടാതെ മാംസാവശ്യത്തിനായി പോത്ത്/കന്നുകുട്ടികളെ വളർത്തി വിൽക്കുവാൻ വേണ്ടി (മെയിൻ കാഫ് ഫാറ്റനിംഗ് പദ്ധതി) 50 കുടുംബങ്ങൾക്ക് മാംസാവശ്യത്തിനുള്ള ഉരുക്കളെ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കുവാനും നടപ്പിലാക്കുവാനുമാണ് ഉപ്പുതറ ഗ്രാമപഞ്ചായത്ത് ട്രൈബൽ ഏരിയായിൽ ഗ്രാമപഞ്ചായത്തും കൃഷി വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി നടത്തിയ യോഗത്തിൽ ഊരുകൂട്ടം നിർദ്ദേശിച്ചിട്ടുള്ളത്.

മേൽസാഹചര്യത്തിൽ ഉപ്പുതറ മേമാരി കോളനിയിലെ കുടുംബങ്ങൾക്ക് 2 കറവപ്പശുക്കൾ വീതവും 50 കുടുംബങ്ങൾക്ക് മാംസാവശ്യത്തിനുള്ള ഉരുക്കളെ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുന്നത് സംബന്ധിച്ച് നടപടി റിപ്പോർട്ട് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

കൃഷി വകുപ്പിന്റെ പ്രസ്തുത മറുപടിയിന്മേൽ, അന്തിമ റിപ്പോർട്ട് ആവശ്യപ്പെട്ട തനുസരിച്ച് 1-9-2015-ലെ കൃഷി (എ.എച്ച്.ജി.) നമ്പർ ജി. 2/2/16/2015/എ.എച്ച്. കത്ത് പ്രകാരം കൃഷി വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ, ഉപ്പുതറ ഗ്രാമപഞ്ചായത്ത് ട്രൈബൽ ഏരിയായിൽ ഗ്രാമപഞ്ചായത്തും, കൃഷി വകുപ്പും, മൃഗസംരക്ഷണ വകുപ്പും സംയുക്തമായി യോഗം നടത്തിയെന്നും പ്രസ്തുത യോഗത്തിൽ ഊരുകൂട്ടം നിർദ്ദേശിച്ചിട്ടുള്ള മെയിൻ കാഫ് ഫാറ്റനിംഗ് പദ്ധതിക്ക് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് ഫണ്ട് ലഭ്യമാക്കുമോ എന്നും ലഭ്യമാക്കുമെങ്കിൽ ഏത് ശീർഷകത്തിൽ നിന്നും ചെലവഴിക്കുമെന്നും ഉള്ള വസ്തുതകളിൽ അഭിപ്രായത്തിനായി ഫയൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് അയച്ചിരിക്കുകയാണെന്നും, ആയത് ഉടൻ തന്നെ ലഭ്യമാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

സമിതിയുടെ ശിപാർശയിന്മേലുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതിനെത്തുടർന്ന്, പ്രസ്തുത ശിപാർശയിന്മേൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് 15-9-2015-ൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. തദവസരത്തിൽ, ഫാം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പശു വളർത്തലിനും, കന്നുകുട്ടി പരിപാലനത്തിനും സഹായം കൊടുക്കുന്ന രീതിയിലുള്ള പ്രൊപ്പോസലാണ് സർക്കാരിന് സമർപ്പിച്ചിരിക്കുന്നതെന്നും, പ്രസ്തുത സ്കീം പ്രകാരം ആകെയുള്ള 80 കുടുംബങ്ങളിൽ ഓരോ കുടുംബത്തിനും 2 പശുക്കളെയും ഒരു പശുക്കുട്ടിയും കൊടുക്കുന്നതോടൊപ്പം പശുകുട്ടികൾക്ക് കാലിത്തീറ്റയും ഹെൽത്ത് കവറേജും നൽകുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

1 കോടി 16 ലക്ഷം രൂപ ചെലവ് വരുന്ന പ്രസ്തുത പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 1,05,220 രൂപയാണെന്നും കന്നുകുട്ടി പരിപാലനത്തിൽ ഒരു കന്നുകുട്ടിക്ക് 5,500 രൂപയും തൊഴുത്ത്, കാലിത്തീറ്റ, ഇൻഷ്വറൻസ് ഇവയെല്ലാം ചേർത്ത് 40,000 രൂപ പൂർണ്ണമായും ഗ്രാന്റായി നൽകുമെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി, പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ഫണ്ട് ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുവാദത്തിനായി ഫയൽ അയച്ചിരിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

## സമിതിയുടെ തുടർ ശിപാർശ നമ്പർ 2

കോളനി പ്രദേശത്ത് കാലിവളർത്തലിനായി ഒരു കാലിവളർത്തൽ കേന്ദ്രം സ്ഥാപിക്കണമെന്ന ശിപാർശയിന്മേൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടി

പരിഗണിച്ച സമിതി, ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സമിതി നിർദ്ദേശത്തിന്മേലുള്ള മറുപടി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമ റിപ്പോർട്ട് ഉടനടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി കൃഷി വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 14.